മ ത്ത ാ .  1 7 : 1 4 – 2 1

**2023 സെപ്തംബർ 24**

## വചനസന്ദേശം

**ഫാ. ജോസ് വടക്കൻ**

# വിശ്വാസത്തിന്റെ ശക്തി

സമാന്തര സുവിശേഷങ്ങളായ മത്തായി, മർക്കോസ്, ലൂക്കാ എന്നീ സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള വചനഭാഗമാണ് ഇത്. വിവരണങ്ങളിൽ വ്യത്യാസങ്ങളുണ്ടെങ്കിലും വചനഭാഗത്തിന്റെ കേന്ദ്ര സന്ദേശം 'വിശ്വാസ'മാണ്. ശിഷ്യന്മാർ യേശുവിന്റെ കൂടെ നടന്നവരും, പ്രാർത്ഥിച്ചവരും, അവന്റെ സാക്ഷികളുമായിരുന്നു. പക്ഷേ, ഇതൊന്നും അവരെ രോഗസൗഖ്യശക്തിക്ക് പ്രാപ്തരാക്കിയില്ല. വിശ്വാസത്തിലുള്ള പൂർണ്ണത മനുഷ്യന് തന്നെകൊണ്ട് തന്നെ ആവില്ല. ഈ പൂർണ്ണത നല്കുന്നത് പരിശുദ്ധാത്മാവാണ്. ശിഷ്യന്മാർ സെഹിയോൻ ഊട്ടുശാലയിൽ പരിശുദ്ധാത്മാവിനാൽ നിറഞ്ഞപ്പോൾ അവരുടെ നിഴൽപോലും രോഗശാന്തി നല്കുന്നതായി. വിശ്വാസം അത് കടുകുമണിയോളം മാത്രം ഉള്ളെങ്കിൽ പോലും മലകളെ മാറ്റാൻ തക്ക ശക്തിയുണ്ടെന്നാണ് വചനം പറയുന്നത്. ഉള്ള വിശ്വാസം പൂർണ്ണമായിരിക്കണം. വചനം പറയുന്നതു പോലെ, ''നിങ്ങളുടെ സ്വർഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ'' (മത്താ. 5:48). ''നീ നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കണം'' (മർക്കോ. 12:30).

യേശു ചെയ്ത അത്ഭുതങ്ങളിലും രോഗശാന്തികളിലും പാപികളുടെ മാനസാന്തരത്തിലും അവരുടെ വിശ്വാസത്തിന്റെ ആഴം വെളിപ്പെടുന്നുണ്ട്. 'ദാവീദിന്റെ പുത്രാ, എന്നിൽ കനിയണമേ' എന്നതും, 'നിനക്ക് മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കാൻ കഴിയും' എന്നതും, 'നീയെന്റെ ഭവനത്തിൽ വരാൻ ഞാൻ യോഗ്യനല്ല, നീ ഒരു വാക്കു കല്പിച്ചാൽ മതി എന്റെ ഭൃത്യൻ സുഖം പ്രാപിക്കും' എന്നതുമെല്ലാം അവരുടെ വിശ്വാസത്തിന്റെ കണ്ണാടിയായതു കൊണ്ടാണ് അവിടെ രോഗശാന്തി നടന്നത്. പ്രാർത്ഥനകൾക്ക് പലപ്പോഴും ഉത്തരം കിട്ടാത്തത് ഒന്നില്ലെങ്കിൽ അത് യഥാർത്ഥത്തിൽ നമുക്ക് ആവശ്യമില്ലാത്തതായിരിക്കും, അല്ലെങ്കിൽ നമ്മൾ അതിന് അർഹരല്ലായിരിക്കും അതുമല്ലെങ്കിൽ അത് നമ്മുടെ ആഴമായ ആഗ്രഹമല്ലായിരിക്കും. സത്യസന്ധമായ പ്രാർത്ഥന ഈശോയ്ക്ക് കേൾക്കാതിരിക്കാൻ പറ്റില്ല. മറ്റുള്ളവർക്കുവേണ്ടിയുള്ള നമ്മുടെ പല പരിശ്രമങ്ങളും വിജയിക്കാത്തത് അല്പവിശ്വാസം മൂലമാണ്. നമുക്ക് സുപരിചിതമായ ഒരു കഥ പറയാം. ഒരു ഗ്രാമത്തിൽ കഠിനമായ ജലക്ഷാമമാണ്. മഴയില്ലാത്തതാണ് കാരണം. അടുത്ത ഗ്രാമത്തിൽ ഒരു സന്യാസവര്യൻ ഉണ്ട്. അദ്ദേഹം പ്രാർത്ഥിച്ചാൽ മഴ പെയ്യുമെന്ന് അവർ വിശ്വസിച്ചു. അങ്ങനെ അദ്ദേഹത്തെ അവർ ക്ഷണിച്ചു. സന്യാസ വര്യൻ പ്രാർത്ഥിക്കാൻ വന്ന ദിവസം ഒരു ബാലൻ ഒഴികെ ആരും കൈയിൽ കുട കരുതിയില്ല. ഇതുകണ്ട സന്യാസവര്യൻ അവനോട് ചോദിച്ചു, ''എന്തുകൊണ്ടാണ് നീ കൈയിൽ കുട കരുതിയത്?'' അവൻ മറുപടി പറഞ്ഞു, ''അങ്ങ് പ്രാർത്ഥിച്ചാൽ മഴ പെയ്യുമല്ലോ. അപ്പോൾ തിരികെ പോകാൻ കുട കരുതിയതാണ്.'' എല്ലാവരും ആഗ്രഹിക്കുന്നു; എന്നാൽ ആരും അത് സംഭവിക്കുമെന്ന് വിശ്വസിക്കുന്നില്ല. ''വിശ്വാസം അതല്ലേ എല്ലാം.'' ഇന്നത്തെ വചനത്തിൽ നാം വായിക്കുന്നതുപോലെ അനേകർ നമ്മളോട് പ്രാർത്ഥനാസഹായം ചോദിച്ച് വരും. രോഗം മാറാൻ, മക്കളുടെ വിവാഹതടസ്സം മാറാൻ, കടബാധ്യത മാറാൻ, സ്വന്തമായി വീട് പണിയാൻ, ദുശ്ശീലങ്ങൾ മാറാൻ, പൈശാചിക ബന്ധനങ്ങളിൽ നിന്നും മോചനം ലഭിക്കാൻ അങ്ങനെ പല ആവശ്യങ്ങളുമായി. പലപ്പോഴും ശ്ലീഹന്മാരെപ്പോലെ നമ്മുടെ പ്രയത്നങ്ങൾ, പ്രാർത്ഥനകൾ വിഫലമാണ്. പൂർണ്ണ വിശ്വാസത്തോടെ നാം പ്രാർത്ഥിച്ചാൽ നമ്മുടെ പ്രാർത്ഥന ദൈവം കേൾക്കും. പരിശുദ്ധ അമ്മയും വി. യൗസേപ്പിതാവും ദൈവഹിതത്തോട് പൂർണ്ണ വിശ്വാസം അർപ്പിച്ചതുകൊണ്ട് അവരുടെ മാധ്യസ്ഥം ദൈവം ഒരിക്കലും നിരാകരിക്കുകയില്ല. അങ്ങനെ തന്നെ വിശുദ്ധരുടെയും. ''ചോദിക്കുവിൻ നിങ്ങൾക്ക് ലഭിക്കും, അന്വേഷിക്കുവിൻ നിങ്ങൾ കണ്ടെത്തും, മുട്ടുവിൻ നിങ്ങൾക്കു തുറന്നു കിട്ടും'' (മത്താ. 7:7).

കടലിനു മീതെ നടക്കുന്ന പത്രോസ് ഈശോയിലെ വിശ്വാസത്തിന്റെ പര്യായമാണെങ്കിൽ കാറ്റും തിരയും കൂടിയപ്പോൾ ചഞ്ചല മനസ്കനായ പത്രോസ് കടലിൽ താണു. രാവന്തിയോളം വലയിറക്കിയിട്ടും മീൻ കിട്ടാത്ത ശ്ലീഹന്മാർ ഈശോയുടെ ആജ്ഞ വിശ്വസിച്ച് വലയിറക്കിയപ്പോൾ വല കീറുവോളം മീൻ പിടിച്ചു. ജനക്കൂട്ടം യേശുവിന്റെ ചുറ്റും തിക്കി കൂട്ടിയപ്പോഴും രക്തസ്രാവക്കാരിക്ക് സൗഖ്യം ലഭിച്ചു, യേശു അറിയാതെ. അപ്പോൾ യേശു അവളെ നോക്കി പറഞ്ഞു – നിന്റെ വിശ്വാസം

നിന്നെ രക്ഷിച്ചിരിക്കുന്നു. വിശ്വാസമെന്ന പുണ്യത്തിന്റെ ശക്തി തിരിച്ചറിയാനും അത് ആർജ്ജിക്കാനും പരിശുദ്ധാത്മാവിനോട് നമുക്ക് പ്രാർത്ഥിക്കാം. എ